**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. HARITHA V KUMAR IAS)

വിഷയം:- വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം - സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിച്ചും, ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. 17.02.2025 ലെ 583 നം ഗസറ്റ് വിജ്ഞാപനം.
2. സ.ഉ(സാ.ധാ) നം.317/2025/WCDD തീയതി - 10/07/2025
3. വനിത ശിശുവികസന ഡറക്ടറുടെ 06.03.2025, 06.04.2025 ലെ ഇതേ നം നടപടിക്രമങ്ങൾ
4. കൊല്ലം DWCDO യുടെ 28..05.2025 ലെ DWCDO/KLM/145/25-E നം കത്ത്.
5. വയനാട് PO യുടെ 14.07.2025 ലെ DICDSC/WYD/18/25-A നം കത്ത്.

**ഉത്തരവ് നം.DWCD/1349/2025-E9 തീയതി: 17-07-2025**

വനിത ശിശുവികസന വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി ബിന്ദുബായ്.കെ.ആർ, ശ്രീ.റ്റി. ഗോപകുമാർ എന്നീ ജീവനക്കാർക്ക് പരാമർശം (2) പ്രകാരം ജില്ലാ വനിത ശിശുവികസന ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കറ്റം അനുവദിച്ചതിനെത്തുടർന്ന് സീനിയർ സൂപ്രണ്ട് തസ്തികയിൽ രണ്ട് ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ടി കാര്യാലയങ്ങളിലേയ്ക്ക് സ്ഥലംമാറ്റ◌ം അനുവദിക്കുന്നതിനായി 2025 ലെ പൊതു സ്ഥലംമാറ്റ പ്രകാരം ചുവടെ പറയുന്ന പട്ടികയിലെ ക്രമ നം.1 മുതൽ 3 വരെയുള്ള ജീവനക്കാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചതിന് ശേഷം സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർ സ്ഥലംമാറ്റം അനുവദിക്കുന്നതിനായി പരാമർശം (4), (5) എന്നിവ പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ നിലവിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ചുവടെ പറയുന്ന ജീവനക്കാർ ക്ക് അവരുടെ പേരിന് നേരെ പറയും പ്രകാരമുള്ള കാര്യാലയങ്ങളിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്ര നം | പേര്, നിലവിലെ കാര്യാലയം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം | പകരം ചുമതല ഏറ്റെടുക്കേണ്ട ഉദ്യോഗസ്ഥർ |
|---|---|---|---|---|
| 1. | ശ്രീമതി ബിനു ടി.ജി ജില്ലാതല ICDS സെൽ, എറണാകുളം | ജില്ലാതല ICDS സെൽ, തൃശ്ശൂർ | അപേക്ഷ | ശ്രീമതി സുധ സി, പ്രോഗ്രാം ഓഫീസർ |
| | | | | |

| | | | | |
|---|---|---|---|---|
| 2. | ശ്രീ.ജോയ് .കെ.പി ജില്ലാതല ICDS സെൽ, കോട്ടയം | ജില്ലാതല ICDS സെൽ, എറണാകുളം | അപേക്ഷ | ശ്രീമതി റേച്ചൽ ഡേവിഡ്, പ്രോഗ്രാം ഓഫീസർ |
| 3. | ശ്രീമതി ശൈലജ ദിവാകരൻ ജില്ലാതല ICDS സെൽ, ഇടുക്കി | ജില്ലാതല ICDS സെൽ, കോട്ടയം | അപേക്ഷ | ശ്രീമതി മഞ്ജു പി.ജി പ്രോഗ്രാം ഓഫീസർ |
| 4. | ശ്രീ ജയ കുമാർ റ്റി. എം ജില്ല വനിത ശിശുവികസന ഓഫീസ് കൊല്ലം | ജില്ലാതല ICDS സെൽ, ഇടുക്കി | അപേക്ഷ | ശ്രീമതി ദീപ കുമാരി എസ്, ജൂനിയർ സൂപ്രണ്ട് |
| 5. | ശ്രീമതി ഗിരിജ കുമാരി ആർ ജില്ലാതല ICDS സെൽ, വയനാട് | ജില്ലാതല ICDS സെൽ, തിരുവനന്തപുരം | അപേക്ഷ | **പ്രോഗ്രാം ഓഫീസർ, ഡിഡിഒ** ശ്രീമതി സന്ധ്യ.കെ, CDPO, ICDS കൽപ്പറ്റ **മറ്റ് ചുമതകൾ** ദിജി ജെ ജൂനിയർ സൂപ്രണ്ട്, ജില്ല വനിത ശിശു വികസന ഓഫീസ് |

മേൽ പട്ടികയിൽ പറയും പ്രകാരം സ്ഥലംമാറ്റം അനുവദിച്ചതിനെത്തുടർന്ന്

ഒഴിവ് വരുന്ന കാര്യാലയങ്ങളിൽ ലോവര് ഡി.പി.സി തയ്യാറാക്കിയ സര്ക്കാര് അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച സെലക്ട് ലിസ്റ്റില് ക്രമ നം.6, 7 ആയി ഉൾപ്പെട്ടിട്ടുള്ള രണ്ട് ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നേടുന്നതിന് അർ ഹരാണ്. പരാമർശം (1) സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ക്രമ നം.1 മുതൽ 5 വരെയുള്ളവർക്ക് നാളിതുവരെ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സീനിയർ സൂപ്രണ്ട് തസ്തികയിലെ നിലവിലെ രണ്ട് ഒഴിവിലേയ്ക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നുള്ള ചുവടെ പറയുന്ന ജീവനക്കാർക്ക് 51400-110300 രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ക്രമ നം** | **ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം** | **ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം** |
|---|---|---|
| 1. | ശ്രീ യുജിൻ ബാബു<br>(പെൻ - 212772)<br>ജൂനിയർ സൂപ്രണ്ട്,<br>ICDS വടവുകോട് | സീനിയർ സൂപ്രണ്ട്<br>ജില്ല വനിത ശിശുവികസന ഓഫീസ് കൊല്ലം |
| 2. | ശ്രീ സുനിത്ത് കെ.പി<br>(പെൻ - 213985)<br>ജൂനിയർ സൂപ്രണ്ട്,<br>ICDS മാനന്തവാടി | സീനിയർ സൂപ്രണ്ട്<br>ജില്ലാതല ICDS സെൽ,<br>വയനാട് |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും ഉദ്യോഗക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും ബന്ധപ്പെട്ട ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

**(ഒപ്പ്)**
**വനിത ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

(കാര്യാലയ മേധാവി മുഖേന)

**പകർപ്പ് :**

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള (ആമുഖ കത്ത് സഹിതം)

2. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
3. ബന്ധപ്പെട്ട ജില്ല വനിത ശിശുവികസന ഓഫീസർമാർക്ക്
4. സൂപ്രണ്ട് ഐ.റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. ഡയറക്ടറുടെ സി.എ
6. ഇ 7 സീറ്റ്.
7. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Chithra T
സൂപ്രണ്ട്
Date: 18-07-2025 11:23:10